ഉത്തരം

(എ&ബി) ഇല്ല.

(സി) പ്ലാനിംഗ് കമ്മീഷൻ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി മുൻവർഷങ്ങളിൽ ചർച്ച ചെയ്തിരുന്നു. നീതി ആയോഗ് ഇതുവരെ ഇത് സംബന്ധമായി ചർച്ച നടത്തിയിട്ടില്ല.

പ്ലാൻ സ്പെയ്സ് സംവിധാനം

49 (1417) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനു പുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ് - കേരളം (IIITK) എന്ന സ്ഥാപനമാണ് പ്ലാൻ സ്പെയ്സ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

പദ്ധതികളുടെ സുഗമമായ നിർവ്വഹണം

50 (T 1418) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പദ്ധതികളുടെ പുരോഗതിക്ക് തടസ്സമായി കരുതുന്ന ഏതൊക്കെ ചട്ടങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ; എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചുചേർത്തയോഗത്തിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് മോണിറ്ററിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രോജക്ടുകളും

51 (T 1419) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രോജക്ടുകളും ഏതെല്ലാമെന്നും അവയുടെ മുതൽ മുടക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly